പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1111 — 01.07.2015 ൽ മറുപടിക്ക്

വിദ്യാഭ്യാസവകുപ്പിൻ കീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: ബാബു.എം.പാലിശ്ശേരി: | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പിൻകീഴിൽ നടപ്പാക്കുമെന്ന പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാത്തത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ നടപ്പാക്കാൻ കഴിയാത്ത പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ? | (ബി) ചില പദ്ധതികൾ ധനകാര്യ വകുപ്പ് തുക അനുവദിക്കാത്തതിനാലും, മറ്റ് ചിലത് വിവരസാങ്കേതിക വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. കൂടാതെ ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതികൾ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല. കുട്ടികളുടെ പരിമിതി കാരണവും, സ്ഥലം ലഭ്യമാകാത്തതിനാലും എം.ജി.എൽ.സികളെ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയും നടപ്പിലായില്ല. |

Sheela M

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി സംസ്ഥാനത്തെ നിലവിലുള്ള പ്രൈമറി സെക്കണ്ടറി തലം പുന:ക്രമീകരിക്കുന്നതിന്റെ ഭാഗമായി 8-ാംക്ലാസ് അപ്പർ പ്രൈമറി തലത്തിലേക്കും 5-ാം ക്ലാസ്സ് ലോവർ പ്രൈമറി തലത്തിലേക്കും ഉള്ള മാറ്റം.

2. സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികളാക്കാനും ആദ്യഘട്ടമെന്ന നിലയിൽ ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ്സ് മുറിയെങ്കിലും ഒരുക്കുവാനുള്ള പദ്ധതി പൂർണ്ണമായിട്ടും നടപ്പിലാക്കാൻ കഴിഞ്ഞില്ല

3. ശതാബ്ദി ആഘോഷിക്കുന്ന ഗവൺമെന്റ് സ്കുളുകൾക്ക് വികസനപരിപാടി കൾക്കായി 2 ലക്ഷം രൂപ വീതം വിതരണം ചെയ്യുന്ന പദ്ധതി.

4.സംസ്ഥാനത്ത് തെരെഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല സർക്കാർ എൽ.പി.സ്ക്കുളിനും സ്വകാര്യ എൽ.പി.സ്കൂളിനും 5 ലക്ഷം രൂപ വീതവും, യു.പി. സ്ക്കുളിന് 7.5. ലക്ഷം രൂപ വീതവും ഹൈസ്ക്കുളിന് 10 ലക്ഷം രൂപ വീതവും എക്സലൻസ് അവാർഡ് നൽകുന്ന പദ്ധതി.

5 സംസ്ഥാനത്ത് കുട്ടികളിൽ കുടി വരുന്ന അമിതവണ്ണം. രക്തസമ്മർദ്ദം. പ്രമേഹം തുടങ്ങിയ രോഗസാദ്ധ്യതകൾ നിയന്ത്രിക്കുന്നതിനും ആത്മഹത്യ പ്രവണത. മയക്ക്മരുന്ന്. പാൻമസാല ഉപയോഗം ലൈംഗിക പ്രശ്നങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള ആരോഗ്യ ജീവിത നൈപുണ്യ വിദ്യാഭ്യാസം പദ്ധതി

6. തെരെഞ്ഞെടുക്കപ്പെട്ട രണ്ട് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുക, ഹയർ സെക്കണ്ടറി സ്കുളുകൾക്ക് എക്സലൻസ് അവാർഡ് നൽകുക എന്നീ പദ്ധതികൾ

7.. കല. കായികം. തൊഴിൽ, വിദ്യാഭ്യാസം എന്നിവയക്ക് ഊന്നൽ നൽകിക്കൊണ്ട് സെക്കണ്ടറി തലത്തിൽ കേന്ദ്ര സഹായത്തോട് കൂടി നടപ്പിലാക്കുന്ന ആശ്വാസ് എന്ന പുതിയ പദ്ധതി (ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതി)

8. കായിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്ട്സ് സ്ക്കുളിലേയും . കണ്ണൂർ സ്പോർട്ട്സ് ഡിവിഷനു കീഴിലെ ജി.വി.എച്ച്.എസ്. സ്പോർട്ട്സ് സ്ക്കുളിലെയും അടിസ്ഥാന സൗകര്യവികസനം (ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതി)

9 എസ്.എസ്.എ മുഖേന 111 എം.ജി.എൽ.സികളെ അപ്ഗ്രേഡ് ചെയ്ത് എൽ.പി. സ്കൂൾ ആക്കുന്ന പദ്ധതി.

Sheela H

സെക്ഷൻ ഓഫീസർ